LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ആഗസ്റ്റ് 14, വ്യാഴം

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 41

നിയമസഭ 2003 ആഗസ്റ്റ് മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

തൊഴിൽ ക്ലബ്ബുകൾ

*1 [946] ശ്രീ. തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി യുവാക്കൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുവാൻ പരിപാടിയുണ്ടോ;

(ബി) ഈ ക്ലബ്ബുകൾക്ക് ആവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള എത്ര ക്ലബ്ബുകൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവയുടെ പ്രവർത്തനം ഏതു രീതിയിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) പ്ലംബിംഗ്, ഇലക്ട്രിക്കൽ, കാർപ്പന്ററി, മേസണറി, വീട്ടുപകരണങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങി നഗരവാസികൾക്ക് മെച്ചപ്പെട്ട ഗാർഹിക സേവനങ്ങൾ

യഥാസമയം ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസവും വൈവിദ്ധ്യവും സേവന തൽപ്പരതയുമുള്ള പട്ടികജാതി യുവതീയുവാക്കളെ തെരഞ്ഞെടുത്ത് മൾട്ടി പർപ്പസ് ജോബ് ക്ലബ് എന്ന പേരിൽ സേവനകേന്ദ്രങ്ങൾ ആരംഭിക്കാൻ പരിപാടിയുണ്ട്.

(ബി) ക്ലബ് ഒന്നിന് 5 ലക്ഷം രൂപയാണ് ചെലവിനായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ പട്ടികജാതി വകുപ്പു വിഹിതം 3,20,000 രൂപയും ബാങ്ക് വായ്പ 1,62,000 രൂപയും ഗുണഭോക്തൃ വിഹിതം 18,000 രൂപയുമാണ്.

(സി) നടപ്പുവർഷം ഇത്തരത്തിലുള്ള പത്ത് ക്ലബുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ. റ്റി. ഐ./ഐ. റ്റി. സി. തുടങ്ങിയ സാങ്കേതിക യോഗ്യതയുള്ള പത്ത് പേർ വീതമടങ്ങിയ ഈ ക്ലബ്ബുകൾ പട്ടികജാതി വികസന വകുപ്പിന്റേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിലായിരിക്കും പ്രവർത്തിക്കുക. നഗരത്തിൽ ഏറ്റവും തിരക്കുള്ളതും അനുയോജ്യവുമായ സ്ഥലത്തായിരിക്കും ക്ലബിന്റെ കേന്ദ്ര ആഫീസ്. സഞ്ചരിക്കുന്ന യൂണിറ്റായാണ് പ്രവർത്തനം രൂപകൽപ്പന ചെയ്തിട്ടുള്ളത് എന്നതിനാൽ ഓരോ യൂണിറ്റിനും 5 സെൽ ഫോൺ, ഒരു ലാൻഡ് ഫോൺ, 5 മോപ്പഡ് എന്നിവ വാങ്ങി നൽകും. കൂടാതെ പണികൾ നടത്താനാവശ്യമായ ഉപകരണങ്ങളും (ടൂൾ കിറ്റ്), ഓഫീസിനോടനുബന്ധിച്ച് ഒരു മിനി വർക്ക്ഷോപ്പും ഉണ്ടാകും. സേവനം ആവശ്യപ്പെട്ട് സന്ദേശം ലഭിച്ചാൽ ഉടൻതന്നെ സ്ഥലത്തെത്തി സേവനം നൽകുന്നതാണ്.

പട്ടികജാതി യുവാക്കൾക്കായി തൊഴിൽ ക്ലബ്ബുകൾ

*2 [948] ശ്രീ. പി. നാരായണൻ :

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്കുവേണ്ടി തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) തൊഴിൽ ക്ലബ്ബുകൾ മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) സേവനമേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടിക ജാതി വികസന വകുപ്പിന്റേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly